# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 903** **07.02.2013-ൽ മറുപടിയ്ക്ക്**

## ജിഡ, ഫിഷറീസ് ഫണ്ടുകൾ ഉപയോഗിച്ച് നടന്നുവരുന്ന ശുദ്ധജല വിതരണ പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ : | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| ജിഡ, ഫിഷറീസ് ഫണ്ടുകൾ ഉപയോഗിച്ച് നടന്നുവരുന്ന ശുദ്ധ ജലവിതരണ പ്രവൃത്തികൾ സമയബന്ധിതമായി മുൻ നിശ്ചയ പ്രകാരം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | ബഹുമാനപ്പെട്ട കേന്ദ്ര ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ. കെ.വി. തോമസിന്റെ അദ്ധ്യക്ഷതയിൽ 23.01.2013 ന് തിരുവനന്തപുരത്ത് ചേർന്ന യോഗത്തിൽ ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ശ്രീ. വി.ജെ. കുര്യൻ നേരിട്ട് 'ജിഡ' ജോലികൾ എല്ലാ മാസവും അവലോകനം ചെയ്യണമെന്ന് തീരുമാനിക്കുകയും, യോഗ തീരുമാനപ്രകാരം സമയബന്ധിതമായി 2013 ൽ തന്നെ പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് വേണ്ട നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു.<br>കടമക്കുടി പഞ്ചായത്തിനു വേണ്ടി ജിഡ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയുടെ കരാർ ഉറപ്പിച്ച ഘടകങ്ങൾ മാത്രമേ ഭരണാനുമതി കിട്ടിയ തുകയിൽ പണിതീർക്കാൻ സാധിക്കുകയുള്ളൂ. ഈ പദ്ധതിയിലുള്ള പിഴല, പാലിയം തുരുത്ത്, മണ്ണം തുരുത്ത് എന്നിവിടങ്ങളിലെ ഉപരിതല സംഭരണികളുടെയും പമ്പ് സെറ്റ്, ട്രാൻസ് ഫോർമർ, വിതരണ ശൃംഖല മെച്ചപ്പെടുത്തൽ എന്നിവയുടെയും പണികൾക്ക് ആവശ്യമായ തുക നിലവിൽ ഭരണാനുമതി ലഭ്യമായ |

തുകയിൽ നിന്ന് കണ്ടെത്താനാവില്ല. ആയതിനാൽ പ്രസ്തുത പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് ജിഡയിൽ സമർപ്പിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞവയിൽ പിഴല, പാലിയം തുരുത്ത് എന്നീ സംഭരണികളുടെ പണികൾക്ക് വേണ്ടിയുള്ള ടെൻഡറിന് അനുമതി നൽകിയിട്ടുണ്ട്

. ജിഡ, ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് എടവനക്കാട്, കഴപ്പള്ളി പഞ്ചായത്തുകളിൽ നടത്തി വരുന്ന ശുദ്ധ ജല വിതരണ പ്രവൃത്തികൾക്കായി റോഡ് മുറിച്ച് പൈപ്പ് ഇടുന്നതിനുള്ള അനുമതി പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാകാത്തതിനാലാണ് പണി പുരോഗമിക്കാത്തത്. ആയതിലേയ്ക്കായി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം കൂടുകയും ഫിഷറീസ് ഘടകങ്ങളിലെ പൈപ്പിടൽ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ജിഡ ഘടകങ്ങളിലെ പൈപ്പിടൽ പ്രവൃത്തികൾക്കാവശ്യമായ പൈപ്പുകൾ സപ്ലൈ ചെയ്തിട്ടുണ്ടെങ്കിലും റോഡ് പൊളിക്കുന്നതിനുള്ള അനുമതി ലഭിക്കാത്തതിനാൽ പണികൾ തുടങ്ങുവാൻ സാധിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ